കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായുള്ള സ്വാശ്രയ പെൻഷൻ പദ്ധതി 1994 - പെൻഷൻ കുടിശ്ശിക ഈടാക്കുന്നതിന് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.484/2012/സഹ തീയതി, തിരുവനന്തപുരം, 07.09.2012.

പരാമർശം: 1. സ.ഉ.(പി) 44/95/സഹ തീയതി 14.3.95.
2. സ.ഉ.(പി) 9/99/സഹ തീയതി 22.1.99.
3. സ.ഉ.(സാധാ) 104/11/സഹ തീയതി 21.2.2011.
4. സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് സെക്രട്ടറിയുടെ 20.6.12 ലെ പി.ബി/പിപിഒ/ഒടിഎസ്/2012 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളസഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായുള്ള സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിലാക്കികൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതി നിലവിൽ വന്ന് ഒരു വർഷത്തിനകം സംഘങ്ങൾ പദ്ധതിയിൽ അംഗമാകേണ്ടതും ജീവനക്കാരുടെ പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിലേയ്ക്ക് വകമാറ്റേണ്ടതുമാണ്. അപ്രകാരം ചെയ്യാത്ത സംഘങ്ങളിൽ 2/99 മുതൽ കുടിശ്ശിക ഫണ്ടിന് 24% നിരക്കിൽ പലിശ ഈടാക്കിയിരുന്നു. സഹകരണ പെൻഷൻ പദ്ധതി നടപ്പിലാക്കിയ കാലയളവിൽ ലഭിച്ച അപേക്ഷകളുടെ ആധിക്യം കാരണം മതിയായ പരിശോധന നടത്താതെ സംഘങ്ങൾ അടവാക്കിയ ഫണ്ട് സ്വീകരിച്ച് പരിശോധനയ്ക്ക് വിധേയമായി അംഗത്വം നൽകി വന്നിരുന്നു. ഇപ്രകാരം അംഗത്വം ലഭിച്ച ജീവനക്കാർ വിരമിച്ച് പെൻഷൻ അപേക്ഷ പരിശോധിക്കുമ്പോൾ കുടിശ്ശികയ്ക്ക് നിയമാനുസൃതം 24% പലിശ ഈടാക്കി വരുന്നു. ഇത് സംഘങ്ങൾക്ക് അധിക ബാധ്യത വരുത്തുന്നതായും നിരന്തരം പരാതിയ്ക്ക് ഇടയാക്കുന്നതായും നാളിതുവരെ പദ്ധതിയിൽ അംഗമായിട്ടില്ലാത്ത സംഘങ്ങൾ പദ്ധതിയിൽ ചേരുന്നതിന് വിമുഖത കാണിക്കുന്നതായും നിരവധി സംഘങ്ങൾ കുടിശ്ശിക തീർപ്പാക്കാതെയും അംഗത്വത്തിന് അപേക്ഷിക്കാതെയും ബാക്കി നിൽക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സംഘങ്ങളെ കുടിശ്ശിക ഫണ്ട് അടയ്ക്കുന്നതിന് പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ പരാമർശം (3) പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ച സാഹചര്യത്തിലും ഒരിക്കൽ കൂടി പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് പെൻഷൻ ബോർഡിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് ഈ പദ്ധതിക്കു പ്രാബല്യമുണ്ടായിരിക്കും.

2. പദ്ധതി പ്രകാരം 1.2.99 മുതൽ കുടിശ്ശിക ഫണ്ട് അടയ്ക്കാനുള്ള സംഘങ്ങൾക്ക് മേൽ സമയപരിധിയ്ക്കുള്ളിൽ കുടിശ്ശിക ഫണ്ടിന് 12% വാർഷിക പലിശ നിരക്കിൽ പ്രസ്തുത ഫണ്ട് അടച്ച് കുടിശ്ശിക അവസാനിപ്പിക്കാവുന്നതാണ്.

3. നിലവിൽ പെൻഷൻ ബോർഡിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകി സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഫണ്ട് അടയ്ക്കാതെ നിൽക്കുന്ന സംഘങ്ങൾക്കും ടി പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

4. പെൻഷൻ ഫണ്ട് സംഘങ്ങൾ തന്നെ സ്വയം കണക്കാക്കി കുടിശ്ശിക സംഘങ്ങൾ തന്നെ അടയ്ക്കേണ്ടതും ഇപ്രകാരം കണക്കാക്കി അടയ്ക്കുന്ന തുകയിൽ അപാകതകൾ ഉണ്ടെന്ന് പിന്നീട് ബോദ്ധ്യപ്പെടുന്ന പക്ഷം ബാക്കി തുക അടയ്ക്കാൻ സംഘങ്ങൾ ബാധ്യസ്ഥരാണ്.

5. പെൻഷൻ പദ്ധതിയിലെ നിർ ദ്ദേശങ്ങൾക്കനുസൃതമായി നിശ്ചിത മാതൃക ഫാറത്തിൽ വേണം ഫണ്ട് കണക്കാക്കി അടയ്ക്കേണ്ടത്. ഫണ്ട് കണക്കാക്കുന്നതിനുള്ള മാതൃകാ ഫാറങ്ങളും നിർ ദ്ദേശങ്ങളും കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും ലഭിക്കുന്നതാണ്. ആയതിലേയ്ക്ക് സംഘങ്ങൾ പെൻഷൻ ബോർഡുമായി ബന്ധപ്പെടേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**സി.ആർ.വൽസല,**
അഡീഷണൽ സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സെക്രട്ടറി, സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്, കലാ നിവാസ്, ആയുർവേദ കോളേജിന് സമീപം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം. (പ്രസിദ്ധീകരണത്തിന്)
കരുതൽ സഞ്ചയം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

Endorsement No. E.M(5)30984/2012

Office of the Registrar of Co-operative Societies,
Thiruvananthapuram. Dated : 20-9-2012.

To
Forwarded for necessary action.

1) Audit Director,
2) All Joint Registrar (G)s
3) All Joint Director (Audit)
4) Editor, Sahakarana Veedhi 5) Stock file

for Registrar of Co-operative Societies